മൃണാൾ ദാ

കാലത്തിനുമുമ്പേ സഞ്ചരിച്ച ചലച്ചിത്രകാരൻ

മൃണാൾസെൻ (14-5-1923/30-12-2018)

സി വി രമേശൻ
ramesancv@gmail.com

ഇന്ത്യൻ സമാന്തര സിനിമാരംഗത്ത് കാലത്തിനുമുമ്പേ സഞ്ചരിച്ച സംവിധായകനാണ് മൃണാൾ സെൻ. സെന്നിന്റെ ജന്മശതാബ്ദിയാണ് ഈവർഷം. അടിയുറച്ച മാർക്സിസ്റ്റ് ചലച്ചിത്രകാരൻ, ഇന്ത്യൻ സിനിമയിൽ ന്യൂ വേവിന് തുടക്കംകുറിച്ച സംവിധായകൻ, കൽക്കട്ട നഗരം സാക്ഷ്യം വഹിച്ച നിരവധി രാഷ്ട്രീയ പ്രക്ഷോഭങ്ങൾ സവിശേഷമായ രീതിയിൽ ആവിഷ്കരിച്ച സംവിധായകൻ, ലോക സിനിമയിൽ ഇന്ത്യയെ അടയാളപ്പെടുത്തുന്ന ചലച്ചിത്രകാരൻ, ഇങ്ങനെ നീണ്ടുപോകുന്നു മൃണാൾ സെന്നിന്റെ വിശേഷണങ്ങൾ.

സ്വാതന്ത്ര്യലബ്ധിക്കുശേഷം രാജ്യം നേരിട്ട രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക പ്രശ്നങ്ങളോട് സിനിമയെന്ന മാധ്യമത്തിലൂടെ സന്ധിയില്ലാതെ പ്രതികരിക്കുമ്പോഴും അന്താരാഷ്ട്ര സിനിമയിലെ നൂതന പ്രവണതകൾ ഗൗരവത്തോടെ നോക്കിക്കണ്ട സെൻ, വളരെ ക്രിയാത്മകമായ രീതിയിൽ അവ തന്റെ ചിത്രങ്ങളിൽ ഉപയോഗിച്ചു. ആ വൈവിധ്യമാണ് മറ്റ് ഇന്ത്യൻ ചലച്ചിത്രകാരിൽനിന്ന് സെന്നിനെ വ്യത്യസ്തനാക്കുന്നത്. തന്റെ സ്വന്തം നഗരം കൽക്കട്ടയാണെന്ന് പ്രഖ്യാപിക്കുമ്പോഴും ഐസൻസ്റ്റീനും ഗൊദാർദും ബ്രഹ്തും ചാപ്ളിനും സെന്നിന് പ്രിയപ്പെട്ടവർ ആയിരുന്നു. ഇറ്റാലിയൻ നിയോ റിയലിസവും ഫ്രഞ്ച് നവതരംഗവും ലാറ്റിനമേരിക്കൻ വിപ്ലവ സിനിമയും അദ്ദേഹത്തെ സ്വാധീനിച്ചു. ഇന്ത്യയുടെ സാമൂഹ്യവും സാമ്പത്തികവും സംസ്കാരികവുമായ അവസ്ഥകളും പ്രതിസന്ധികളും തിരിച്ചറിയാൻ ഇവ തന്നെ സഹായിച്ചതായി സെൻ സൂചിപ്പിച്ചിട്ടുണ്ട്. സമൂഹത്തിലെ, വർഗപരവും ലിംഗപരവുമായ വേർതിരിവുകളും ഉച്ചനീചത്വങ്ങളും ബൂർഷ്വാസിയുടെ അമിതാഗ്രഹങ്ങളും അധികാരങ്ങളും ഭരണകൂടങ്ങളുടെ കടന്നുകയറ്റങ്ങളും തീവ്രമായി സെൻ സിനിമകളിൽ ആവിഷ്കരിച്ചു. സിനിമാ നിർമാണത്തിന്റെ ആദ്യഘട്ടങ്ങളിൽ കൽക്കട്ടയിലെ തെരുവുകളിലൂടെയും ചേരിപ്രദേശങ്ങളിലൂടെയും സഞ്ചരിച്ച സെന്നിന്റെ കാമറ, പിൽക്കാലത്ത് കഥാപാത്രങ്ങളുടെ മാത്രമല്ല, സ്വന്തം മനസ്സിനകത്തേക്കും കേന്ദ്രീകരിച്ചു.1943ലെ ബംഗാൾ ക്ഷാമം കണ്ട സെന്നിന്റെ മനസ്സിൽ തെരുവുകളിൽ മരിച്ചുകിടന്നവരുടെ ചിത്രങ്ങൾ മായാതെ കിടന്നു. ലക്ഷക്കണക്കിന് ആളുകൾ പട്ടിണിമൂലം മരിച്ച ഭക്ഷ്യക്ഷാമം, ബൈഷ്യേ ശ്രാവൺ, കൽക്കട്ട 71, അകലെർ സന്ധാനെ തുടങ്ങിയ സെൻ ചിത്രങ്ങളിൽ നേരിട്ടും അല്ലാതെയും കടന്നുവരുന്നു. എഴുപതുകളിൽ കൽക്കട്ട നഗരത്തെ പിടിച്ചുകുലുക്കിയ പ്രക്ഷോഭങ്ങളും അവയ്ക്കു നേരെ പൊലീസിന്റെ അതിക്രമങ്ങളും രേഖപ്പെടുത്തുന്ന സെന്നിന്റെ കൽക്കട്ട ചിത്രത്രയം ഇന്ത്യൻ രാഷ്ട്രീയ സിനിമയിൽ പുതുമ നശിക്കാതെ നിലനിൽക്കുന്നു.

തെക്കൻ ബംഗ്ലാദേശിൽപ്പെടുന്ന, ഫരീദ്പുറിൽ, 1923 മെയ് പതിനാലിനാണ്, സുഹൃത്തുക്കൾ സ്നേഹപൂർവം 'മൃണാൾദാ' എന്നു വിളിക്കുന്ന മൃണാൾകാന്തി സെൻ ജനിച്ചത്. ഉപരിപഠനത്തിനായി കൽക്കട്ടയിൽ എത്തിയ അദ്ദേഹം തിയറ്റർ ഗ്രൂപ്പായ ഐപിടിഎയുടെ സജീവപ്രവർത്തകനായി. ആകസ്മികമായാണ് സിനിമാരംഗത്ത് എത്തുന്നത്. അരനൂറ്റാണ്ടിലധികം നീണ്ടുനിന്ന സെന്നിന്റെ ചലച്ചിത്ര ജീവിതത്തിൽ, സംവിധാനം നിർവഹിച്ച 27 ഫീച്ചർ ഫിലിമുകൾ, ഡോക്യുമെന്ററികൾ/ഷോർട്ട് ഫിലിമുകൾ എന്നിവയ്ക്കു പുറമെ ചലച്ചിത്രഗ്രന്ഥങ്ങൾ, ലേഖനങ്ങൾ എന്നിവ ഇപ്പോഴും വിലയിരുത്തപ്പെട്ടുകൊണ്ടിരിക്കുന്നു. രാത് ഭോർ (1955) മുതൽ അമർ ഭുവൻ (2002) വരെയുള്ള സെന്നിന്റെ ചിത്രങ്ങൾ കാൻ, വെനീസ് തുടങ്ങി ലോകത്തിലെ എല്ലാ ചലച്ചിത്രമേളകളിലും പ്രദർശിപ്പിച്ച് പുരസ്കാരങ്ങൾ നേടി. പല അന്താരാഷ്ട്ര ചലച്ചിത്രമേളകളിലും സെൻ ജൂറി അംഗമായിരുന്നു. 2017ൽ അദ്ദേഹം ഓസ്കർ അക്കാദമി അംഗമായി തെരഞ്ഞെടുക്കപ്പെട്ടു, 2003ൽ 'ദാദാ സാഹെബ് ഫാൽക്കെ' അവാർഡ്, 1981ൽ 'പത്മ ഭൂഷൺ' എന്നിവ സമ്മാനിച്ച് രാജ്യം സെന്നിനെ ആദരിച്ചു. നിരവധി തവണ സെൻ മികച്ച സംവിധായകനുള്ള ദേശീയ/സംസ്ഥാന അവാർഡുകൾ നേടി.

2002നു ശേഷം സജീവ സിനിമാ പ്രവർത്തനങ്ങളിൽനിന്ന് വിട്ടുനിന്ന സെൻ, തെക്കൻ കൽക്കട്ടയിലെ ഭവാനിപുറിലെ വസതിയിൽ വിശ്രമജീവിതം നയിക്കവെ 2018 ഡിസംബർ 30ന് 95–ാം വയസ്സിൽ അന്തരിച്ചു. സെന്നിന്റെ മിക്ക ചിത്രത്തിലും അമ്മയുടെ വേഷങ്ങൾ ചെയ്ത, അദ്ദേഹത്തിന്റെ ഭാര്യ ഗീത സെൻ നേരത്തേ നിര്യാതയായി. സെൻ ദമ്പതികളുടെ ഏകമകൻ കുനാൽ സെൻ അമേരിക്കയിൽ ശാസ്ത്രജ്ഞനാണ്. ഇന്ത്യൻ സിനിമയിൽ ഉജ്വല സംഭാവനകൾ നൽകിയ സെൻ, രാഷ്ട്രീയപരീക്ഷണ ചലച്ചിത്രകാരനെന്ന നിലയിൽ സാമാന്തര സിനിമാ രംഗത്ത് എക്കാലവും ഓർമിക്കപ്പെടും.

ഇനി നടന്ന് തുടങ്ങണം

കെ എ നിധിൻ നാഥ് nidhinnath@gmail.com

നാട്ടിൻപുറത്തെ ബാന്റ് സംഘത്തിന്റെ കഥ പറയുന്ന ജാക്സൺ ബസാർ യൂത്തിൽ അപ്പുവായി ലുക്ക്മാൻ അവറാൻ വീണ്ടും പ്രേക്ഷകരിലേക്ക് എത്തുകയാണ്. മലയാള സിനിമയുടെ പുതുനിരയുടെ മുഖംകൂടിയാണ് ലുക്ക്മാൻ. അതിന് സാക്ഷ്യമായി ഉണ്ടയിലെ ബിജുകുമാർ, ഒപ്പറേഷൻ ജാവയിലെ വിനയദാസൻ, തല്ലുമാലയിലെ ജംഷി, സൗദി വെള്ളക്കയിലെ അഭിലാഷ് എന്നിങ്ങനെ പിന്നിട്ട പതിറ്റാണ്ടിനിടെ പ്രേക്ഷകരുടെ ഹൃദയത്തിലേക്ക് ചേക്കേറിയ അനവധി കഥാപാത്രങ്ങൾ. ലുക്ക്മാൻ അവറാൻ സംസാരിക്കുന്നു:

നാട്ടിൻപുറത്തെ ബാന്റ് സംഘം

ടീസറിലും ട്രെയിലറിലുമൊക്കെ കണ്ടപോലെ ഒരു കളർ ഫുൾ സിനിമയാണ് ജാക്സൺ ബസാർ യൂത്ത്. കൊല്ലത്തെ അതിർത്തി ഗ്രാമത്തിലുള്ള ഒരു ബാന്റ് സംഘത്തിന്റെ കഥയാണ്. ആക്ഷൻ, പ്രണയം, പ്രതികാരമൊക്കെ ഉൾക്കൊള്ളുന്ന സിനിമ. ബാന്റ് സംഘത്തിന്റെ ആശാനായി വേഷമിടുന്നത് ജാഫർ ഇടുക്കിയാണ്. ബാന്റിലെ അംഗം അപ്പുവെന്ന കഥാപാത്രമാണ് ചെയ്യുന്നത്. പൊലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങളെ ചുറ്റിപ്പറ്റിയാണ് സിനിമ. തല്ലുമാലയിലെ ജംഷി പെട്ടെന്ന് ദേഷ്യം വരുന്ന, അടിയുണ്ടാക്കുന്ന കഥാപാത്രമായിരുന്നു. ഇത് അങ്ങനെയല്ല. സാഹചര്യംകൊണ്ട് ദേഷ്യം വരുന്ന നാട്ടിൻപുറത്തെ ഒരു സാധാരണക്കാരൻ.

10 വർഷം ഒരു ചെറിയ കാലം

സിനിമയിൽ എത്തിയിട്ട് 10 വർഷമായി എന്നത് വലിയ കാര്യമല്ല. സിനിമയിൽ വന്നതിനെക്കുറിച്ച് ഓർക്കുമ്പോൾ സന്തോഷമാണ്. ആളുകൾ എന്നെക്കുറിച്ച് സംസാരിക്കുന്നു, കുറെ സിനിമകൾ ചെയ്യാൻ കഴിയുന്നു. സിനിമയിൽനിന്ന് കുറച്ചുകൂടി കാര്യങ്ങൾ മനസ്സിലാക്കണമെന്നാണ് ചിന്തിക്കുന്നത്. സംവിധായകൻ അടക്കമുള്ളവരിൽനിന്നും കാര്യങ്ങൾ മനസ്സിലാക്കി മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. ഞാൻ തുടങ്ങിയിട്ടേയുള്ളൂ. ഇനിയും മെച്ചപ്പെടാനുണ്ട്. മെച്ചപ്പെടാൻ ഇല്ലെന്ന് തോന്നിക്കഴിഞ്ഞാൽ അപ്പോൾ സിനിമ നിർത്തണം. ഞാൻ നിലവിൽ അടിവച്ചുതുടങ്ങിയിട്ടേയുള്ളൂ. ഇനി നടന്നുതുടങ്ങണം.

സൗഹൃദത്തിന് പങ്ക് കുറവ്

സിനിമയിൽ സൗഹൃദത്തിനുള്ള പങ്ക് വളരെ കുറവാണ്. ചെയ്യുന്ന കഥാപാത്രങ്ങളും നമ്മുടെ പരിശ്രമങ്ങളുമാണ് പ്രധാനം. പ്രേക്ഷകർക്ക് നമ്മളെ ഇഷ്ടപ്പെടുക എന്നതാണ് കാര്യം. നമ്മൾ കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയും സ്വയം വളരുകയും വേണം. ഇപ്പോൾ സിനിമയെക്കുറിച്ച് മാത്രമാണ് ചിന്തിക്കുന്നത്. ഒറ്റയ്ക്ക് ഇരിക്കുമ്പോഴും വീട്ടിൽ ആയാലും മനസ്സിൽ സിനിമ തന്നെയാണ്. എന്ത് പറഞ്ഞാലും അത് സിനിമയിലാണ് വന്നെത്തുക.

ലുക്ക്മാൻ അവറാൻ

ഒരു സിനിമ ചെയ്യാൻ തീരുമാനിക്കുമ്പോൾ കഥാപാത്രത്തിനൊപ്പം സംവിധായകൻ പുതിയ ആളോ പഴയ ആളോ എന്നതിനപ്പുറം സിനിമ മൊത്തത്തിൽ എങ്ങനെ ഉണ്ടാകുമെന്നാണ് നോക്കാറ്. ചില സിനിമയുടെ തിരക്കഥ നല്ലതായിരിക്കും. ചിലത് മേക്കിങ്ങിലായിരിക്കും നന്നാകുക. അതുകൊണ്ടുതന്നെ സിനിമ മൊത്തത്തിൽ എങ്ങനെ വരുമെന്ന് നോക്കിയിട്ടാണ് ചെയ്യാമെന്ന് തീരുമാനിക്കുന്നത്.

എല്ലായിടത്തും മലയാളമല്ലേ

കാര്യങ്ങൾ മുൻകൂട്ടി വിചാരിച്ചപോലെ ഒന്നും സംഭവിക്കില്ല. എല്ലാം സ്വാഭാവികമായി ഉണ്ടാകുന്നതുമല്ല. രണ്ടും കൂടിച്ചേർന്നാണ് പോകുന്നത്. ചിലത് ആലോചിക്കുംപോലെ തന്നെ നന്നായി പോകണമെന്നില്ല. ചിലത് പ്രതീക്ഷയ്ക്കപ്പുറം പോകും. സിനിമയിൽ ഒന്നിനും ഒരു ഉറപ്പുപറയാൻ പറ്റില്ല.

കഥാപാത്രം മലബാറാണോ, വള്ളുവനാടൻ ഭാഷയാണോ സംസാരിക്കുന്നത് എന്നത് വിഷയമല്ല. കേരളത്തിൽ എല്ലായിടത്തും മലയാളമാണ്. സിനിമയാണ് ഏറ്റവും പ്രധാനം. സിനിമയും കഥാപാത്രവും നന്നാകുക എന്നതാണ് പ്രധാനം. ജാക്സൺ ബസാർ കൊല്ലത്താണ് നടക്കുന്നത്. ഇനി വരാനിരിക്കുന്ന സിനിമ കൊറോണ ജവാൻ തൃശൂർ ഭാഷയാണ് സംസാരിക്കുന്നത്. ചെമ്പൻ വിനോദിന്റെ സഹോദരൻ ഉല്ലാസ് സംവിധാനം ചെയ്യുന്ന സിനിമ, രോഹിത് വി എസിന്റെ ടിക്കിടാക്ക തുടങ്ങിയവയാണ് പുതിയ സിനിമകൾ.

വസൂരിമാല: വലിയൊരു ഓർമപ്പെടുത്തൽ

പി വി ജീജോ
jeejodeshabhimani@gmail.com

രോഗങ്ങളും പലായനവും എന്നും എഴുത്തുകാരുടെ തൂലികയ്ക്ക് ഇഷ്ടവിഷയം ആയിരുന്നു. വസൂരിമാല എന്ന നാടകത്തിലൂടെ അരങ്ങിൽ ഈ പ്രമേയത്തെ സമകാലികമായും അതിലേറെ രാഷ്ട്രീയ തീവ്രതയോടെയും അനുവാചകരിൽ എത്തിക്കുകയാണ് നാടകകൃത്ത് ജയൻ ചെത്തല്ലൂർ. രംഗാവിഷ്കാരം തൃശൂരിലെ അഭിനയ കുറ്റൂർ. വസൂരിമാല രോഗം വിതയ്ക്കുന്ന ദുർദേവത എന്നാണ് സങ്കൽപ്പം. വസൂരി പടർന്നുപിടിക്കുന്നകാലം. രക്ഷയും ആശ്വാസവും തേടി നാടുവിട്ടോടുന്നവർ. അവർ അനുഭവിക്കുന്ന വേദനകളും കഷ്ടതകളും. അതിനിടയിൽ നേരിടുന്ന വഞ്ചനയും ചതിയും. കുഞ്ഞൻ വൈറസായ കോവിഡ് ലോകത്തെ വിറപ്പിച്ചശേഷമാണ് ജയന്റെ നാടകം എന്നതിനാൽ സാധാരണക്കാരന് ഉള്ളിൽത്തട്ടുന്നതാണ് പ്രതിപാദ്യം. കേവലമൊരു രോഗപുരാണമല്ല ഇത്. ജനത്തിനല്ല ഭരണാധികാരത്തിലും സമൂഹത്തിന്റെ സവർണ മനസ്സിലും മഹാമാരിയെ വെല്ലുന്ന വിഷബീജങ്ങൾ നിറഞ്ഞിരിക്കയാണെന്ന സത്യം ഒളിച്ചുവയ്ക്കാതെ വസൂരിമാല പറയുന്നുണ്ട്. ഭരണാധികാരികൾ മതം മറയാക്കിയും അന്ധവിശ്വാസം ആയുധമാക്കിയും വെറുപ്പും വിദ്വേഷവും പടർത്തുന്ന വർത്തമാനത്തിൽ വസൂരിമാല വലിയൊരു ഓർമപ്പെടുത്തലാണ്, മുന്നറിയിപ്പും.

കൂട്ടപ്പലായന ദൃശ്യങ്ങളിലൂടെയാണ് അരങ്ങുണരുന്നത്. ദേശങ്ങളിൽനിന്ന് ദേശങ്ങളിലേക്ക് പടർന്നുപന്തലിക്കുന്ന 'വസൂരി' എന്ന മാരകരോഗത്തിൽനിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തിലാണ് നിസ്സഹായരായ ജനം. രാമരാജ്യം വാഗ്ദാനം നൽകി അവരെ മറ്റൊരു ദേശത്തേക്ക് എത്തിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. മിത്തുകളിലൂടെ ചുവന്ന പട്ടുടുത്ത ഭദ്രകാളിയാൽ ദാരികാ പത്നിയായ മനോദരിയെന്ന വസൂരിമാലയെ അന്ധയാക്കുന്നു. രാമരാജ്യസ്വർഗം വെറും മിഥ്യയാണെന്ന് ദേശവാസികൾ തിരിച്ചറിയുന്നു. അവർ പുതുപുലരി സ്വപ്നം കാണുന്നതോടെ തിരശ്ശീല വീഴുന്നു. മോഹനവാഗ്ദാനങ്ങൾ നൽകിയും വർഗീയവിഷം കുത്തിവച്ചും തമ്മിലടിപ്പിച്ചും സ്വാർഥ ലക്ഷ്യങ്ങളുമായി ദുഷ്ടശക്തികൾ അരങ്ങിലും അണിയറയിലും നിറഞ്ഞാടുന്ന കാലത്ത് ഈ നാടകം പുതിയ വായനകളും കാഴ്ചകളും ആവശ്യപ്പെടുന്നുണ്ട്.

ജിനേഷ് മനിശേരിയാണ് വസൂരിമാലയുടെ സംവിധാനം. സംഗീതം മെൽവിൻ ജോർജ്. സന്തോഷ് പള്ളിയിൽ, സുധീർ കൊല്ലാറ, പ്രസാദ് കൊളങ്ങാട്ടുകര, സജി തിയ്യം, വിഷ്ണു, വിനോഷ് നന്ദ, കുമാരൻ, വിനീത, റാഫേൽ, ശ്രീലക്ഷ്മി, ദീപ, തൻവി സുബു എന്നിവർ അരങ്ങിലെത്തുന്നു.

ബുക്ക് ഷെൽഫ്

കാലം കാത്തുവെച്ച കഥകൾ
സമാഹരണം:
കെ ആർ മല്ലിക
കഥകൾ
ചിന്ത പബ്ലിഷേഴ്സ്
വില: 620 രൂപ

മൂന്നു കുരുടൻ ചുണ്ടെലികളും മറ്റു കഥകളും
അഗതാ ക്രിസ്റ്റി
കഥ
ഡി സി ബുക്സ്
വില: 320 രൂപ

സാറാ ജോസഫ്
ഒരു എഴുത്തുകാരിയുടെ ഉള്ളിൽ
കെ വി സുമംഗല
ജീവചരിത്രം
മാതൃഭൂമി ബുക്സ്
വില: 390 രൂപ

കടമ്മനിട്ട
കവിതയുടെ കനലാട്ടം
കെ എസ് രവികുമാർ
ജീവചരിത്രം
മനോരമ ബുക്സ്
വില: 590 രൂപ

പേനക്കണ്ണ്
എം മുകുന്ദൻ
ലേഖനം
എസ്പിസിഎസ്
വില: 400 രൂപ



അച്ഛനെക്കുറിച്ചുള്ള മകന്റെ സ്മരണകൾ
കൃഷ്ണപക്ഷം
കെ ജയകുമാർ
ഓർമ
സൈന്ധവ ബുക്സ്
വില: 150 രൂപ

നിശാശലഭങ്ങൾ
മനോഹരൻ കുഴിമറ്റം
കഥകൾ
സൺഷൈൻ ബുക്സ്
വില: 220 രൂപ

ചോരച്ചീന്ത്
സുബൈദ കോമ്പിൽ
കവിതകൾ
ഹരിതം ബുക്സ്
വില: 100 രൂപ

സുഗന്ധവല്ലി
ഇരിഞ്ഞയം രവി
നോവൽ
മൈത്രി ബുക്സ്
വില: 240 രൂപ